# മാവൂരിൻെറ പുത്രന്.......



മാവൂരിലെ വിഷം വമിപ്പിച്ചിരുന്ന "ഗ്രാസിം ഇൻറസ്ട്രീസ്" താഴിട്ടുപൂട്ടി. ഗ്രാസിം ഏൽപ്പിച്ച മുറിവുകളുമായി വർഷങ്ങളോളം കാൻസർ ബാധിച്ച് അവസാനശ്വാസവും ചാലിയാർ പുഴയ്ക്ക് സമർപ്പിച്ച കെ.എ. റഹ്മാൻ - മാവൂരിൻെറ സമരനേതാവ് - കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് ഈ ജനവരി 11ന് രണ്ടുവർഷം തികയുന്നു

1963 മുതൽതന്നെ കെ.എ. റഹ്മാൻ തൻെറ പോരാട്ടം തുടങ്ങിവെച്ചു. ഫാക്ടറി വമിപ്പിക്കുന്ന വിഷമലിനീകരണത്തിനിരയായി ജനങ്ങൾ മരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടത് തൊണ്ണൂറുകളിലാണ്. അഞ്ചുവർഷത്തിനകം 215 പേർ വാഴക്കാട് പഞ്ചായത്തിൽ രോഗംമൂലം മരിച്ചതായി കണ്ടെത്തി. അതിനെത്തുടർന്ന് 96ൽ ഫാക്ടറി അടച്ചുപൂട്ടണമെന്ന ആവശ്യം റഹ്മാനും കൂട്ടരും ഉന്നയിച്ചു. തിരുവനന്തപുരം റീജണൽ കാൻസർ സെൻറർ നടത്തിയ പഠനപ്രകാരം വാഴക്കാട് പഞ്ചായത്തിലെ 29 ശതമാനം മരണവും ക്യാൻസർ മൂലമാണെന്ന് കണ്ടെത്തി. 98ൽ ഈ പഞ്ചായത്തിലെ മരണം 50 ശതമാനത്തിനുമുകളിലായിരുന്നു. 35 വർഷക്കാലം ചാലിയാറിൻെറ മലിനീകരണത്തിനെതിരെ പൊരുതിയ കെ.എ. റഹ്മാൻെറ അന്ത്യം മലിനവായു ശ്വസിച്ച് നെഞ്ചിലും തലച്ചോറിലും ക്യാൻസർ ബാധിച്ചായിരുന്നു.